# കുടിയൊഴിക്കൽ ഇടശ്ശേരി എഴുതിയാൽ

എൻ. പി. വിജയകൃഷ്ണൻ

മലയാളകവിതയിലെ ഏറ്റവും പേടിത്തൊണ്ടനായ കഥാപാത്രം കുടിയൊഴിക്കലിലെ ജന്മി കൂടിയായ കവിയാകുന്നു. അയാൾ പേടിക്കുന്നത് പ്രണയിനിയേയോ തൊഴിലാളിയേയോ അല്ല; തന്നെത്തന്നെയാണ്, തന്റെ ഇരിപ്പിടത്തെയാണ്. അതിന്റെ ഭദ്രത ഇളക്കുന്നവർക്കെതിരെ അവർക്ക് അനുകൂലം എന്ന നാട്യത്തിൽ പുതിയൊരു സാമൂഹ്യശാസ്ത്രം ഉണ്ടാക്കുകയാണ് കവി ചെയ്യുന്നത്. അത് കവിയറിയാതെ ഒരു വർഗസമരത്തിന്റെ ഛായയിലേക്ക് നീങ്ങി. അശ്രീകരമായ അയൽക്കാരനോടുള്ള കവിയുടെ മനോഭാവത്തിൽ നിന്നാണ് കുടിയൊഴിക്കലിലെ സംഘർഷം ആരംഭിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിലെ ഇന്ത്യയുടെ അഥവാ കേരളത്തിന്റെ സ്വപ്നത്തെക്കുറിച്ചാണ് വൈലോപ്പിള്ളി കുടിയൊഴിക്കലിൽ പറയുന്നത്. ഇതിലെ പ്രമേയം തീരെ കാവ്യാത്മകമല്ല. വൈലോപ്പിള്ളിയുടെ കാവ്യസമ്പ്രദായത്തിനു ചേരുന്ന വിഷയമല്ല ഇത്. മലയാള കവിതയിൽ അപൂർവ്വമായ വിഷയമാണ് വൈലോപ്പിള്ളി കുടിയൊഴിക്കലിൽ സ്വീകരിച്ചത്. സ്വപ്നമാണ് കാവ്യത്തിലെ കേന്ദ്രബിന്ദു. കവിയുടെ ജീവിതസ്വപ്നങ്ങൾ, കാവ്യസ്വപ്നങ്ങൾ, പ്രണയസ്വപ്നങ്ങൾ ഇങ്ങനെ സ്വപ്നസമൃദ്ധമാണ് കുടിയൊഴിക്കലിലെ ഓരോ ഖണ്ഡവും. സോഷ്യലിസ്റ്റ് സ്വപ്നജീവിയായ കവിയാണ് കുടിയൊഴിക്കലിലെ നായകൻ എന്നു പറയാം. എന്നാൽ മനസ്സിലെ സ്വപ്നവും ജീവിതത്തിലെ യാഥാർഥ്യവും ഒന്നിപ്പിക്കാൻ കഴിയാത്ത ദൈന്യം അയാൾ അനുഭവിക്കുന്നു. എങ്ങനെ രഞ്ജിക്കാനാണെന്നുടെ സങ്കൽപ്പവും നിന്നുടെ യാഥാർഥ്യവും എന്നു വിചാരിക്കുന്ന 'കണ്ണീർപ്പാട' ത്തിലെ കഥാപാത്രത്തെ തന്നെയാണ് കുടിയൊഴിക്കലിലും കാണുന്നത്. ഈയൊരു മനോഭാവമാണ് അയാളുടെ സംഘർഷത്തിനുകാരണം. സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള മനസ്സ് അയാൾക്കില്ല. കള്ളുകുടിക്കുന്ന തൊഴിലാളി, കവിക്ക്, തന്നെ അസ്വസ്ഥപ്പെടുത്തുന്ന വലിയൊരു സമൂഹത്തിന്റെ പ്രതിനിധിയാവുന്നു.

തൊഴിലാളികളുടെ കള്ളുനാറുന്ന തെറി തൽക്കാലം നിർത്താൻ മാത്രമാണ് കവി ദന്തഗോപുരത്തിൽ നിന്ന് ഒരു പടവ് ഇറങ്ങിവരുന്നത്. തന്റെ സ്വസ്ഥതക്കുവേണ്ടി അയാൾ വർഗരഹിതസമുദായം സ്വപ്നം കാണുകയും വർഗസമരയുദ്ധഭൂമിയിൽ നിലനിൽക്കുകയും ചെയ്യുന്നു. വർഗരഹിത വ്യവസ്ഥിതിക്കായി ശ്രമിച്ച സമയത്തും ഉള്ളിന്റെയുള്ളിൽ അവനവന്റെ വർഗത്തോട് അന്ധമായ കൂറു പുലർത്തുന്ന വർഗമാണ്; പ്രത്യേകിച്ച് മധ്യവർഗ്ഗമാണ് കേരളത്തിൽ ഉണ്ടായത്. കുടിയൊഴിയാത്ത ജന്മിത്തമനസ്സുമായി ജീവിക്കുന്ന കവിയെയാണ് കുടിയൊഴിക്കലിൽ വൈലോപ്പിള്ളി അവതരിപ്പിക്കുന്നത്. ജന്മിത്വത്തിന്റെ ഇനിയും കെട്ടടങ്ങാത്ത പ്രശ്നമാണ് കാവ്യത്തിലെ പ്രമേയം. ഉള്ളിലെ പ്രതാപത്തെ പ്രതിരോധിക്കാൻ കവിക്കു കഴിയുന്നില്ല.

കവി ജന്മിയാണ്, തന്റെ കീഴിൽ അധ:സ്ഥിതി വർഗം എങ്ങനെയാവണമെന്ന ഉദാത്ത സങ്കല്പം കവിക്കുണ്ട്. ഉപദേശത്തിന്റെ മാർഗമാണ് സമത്വത്തിന്നായി അയാൾ നിർദ്ദേശിക്കുന്നത്. എന്നാൽ ഈയൊരു മാർഗം ഉൾക്കൊള്ളാനും അനുസരിക്കാനും ശേഷിയുള്ളവരല്ല അധ:സ്ഥിതർ. കള്ളുകുടിക്കുന്ന കൂലിപ്പണിക്കാരെ ഉപദേശിച്ചിട്ടോ, ഭീഷണിപ്പെടുത്തിയിട്ടോ കാര്യമില്ല. ഇതാണ് കവി മനസ്സിലാക്കിയത്.

സ്വപ്നങ്ങളും മോഹങ്ങളുമുള്ള കവിക്ക് രണ്ട് വ്യക്തിത്വമുണ്ട്. താഴ്ന്നവരെ ഉയർത്തുക എന്നതാണ് അയാളുടെ ആദർശം. എങ്കിലും അവരോട് ഉള്ളാലെ പുച്ഛവുമാണ്. മധ്യവർഗക്കാർക്ക് താഴ്ന്ന വർഗക്കാരോടുള്ള മനോഭാവം വൈലോപ്പിള്ളി കുടയൊഴിക്കലിൽ കൃത്യമായി കുറിച്ചിടുന്നു. അതിനാൽ ഈ കാവ്യം വിപ്ലവത്തെ ആദർശവൽക്കരിക്കുകയും വിപ്ലവത്തിലെ കാപട്യത്തെ തുറന്നു കാണിക്കുകയും ചെയ്യുന്നു. കവി യഥാർഥത്തിൽ അയാളുടെ വർഗപക്ഷത്താണ് നിൽക്കുന്നത്. തന്റെ ചില നിലപാടുകൾക്കനുസരിച്ചാവണം അയൽപക്കകാരനും കഴിയേണ്ടത്. അതല്ലെങ്കിൽ അവരോട് എതിർപ്പ്. ഇതാണ് അയാളുടെ പ്രകൃതം. താനാണ് എന്നും അധികാരി. നീ കുടിയൊഴിഞ്ഞില്ലെങ്കിൽ ഞാൻ ഒഴിപ്പിക്കും എന്നാണ് അയാളുടെ അധികാരസ്വരം. ഞാൻ എന്ന ഉത്തമപുരുഷ ഏകവചനത്തിന് വല്ലാത്ത പ്രൗഢിയും പ്രതാപവുമുണ്ട്; വാക്കിലും നോക്കിലും. ഇതൊരു മുന്നറിയിപ്പും ഉപദേശവുമാണ്. എന്നെപ്പോലെ നല്ലവനായി ജീവിക്കുക എന്ന് കവി മാതൃകയാവുന്നു. അനുസരിക്കാത്തവരെ തല്ലാൻ പോലും അയാൾക്ക് സ്വാതന്ത്ര്യമുണ്ട്.

തനിക്ക് ഉപകരിക്കുന്ന സംഗതികളിൽ സോഷ്യലിസം കാണുന്ന കാപട്യവും കവിയിലുണ്ട്. ഇതുകൊണ്ടാണ് തന്നിലും താണ പെണ്ണുമായുള്ള പ്രണയത്തെ അയാൾ ന്യായീകരിക്കുന്നത്. അവളെ ഒപ്പം താമസിപ്പിക്കാനുള്ള ആദർശധീരതയുള്ളതുകൊണ്ടാണ് കവി അവളുമായി ബന്ധ

പ്പെടുന്നത്. അവളെ അനുനയിപ്പിക്കുന്ന കവിയെ സോഷ്യലിസ്റ്റായിട്ടല്ല കാല്പനികനായിട്ടാണ് വൈലോപ്പിള്ളി അവതരിപ്പിക്കുന്നത്.

താൻ തെറ്റു ചെയ്തതിലുള്ള കുറ്റബോധമല്ല, അത് തൊഴിലാളി കണ്ടുപിടിച്ചതിലുള്ള ജാള്യതയാണ് കവിയിൽ കാണുന്നത്. അത് പേടിയായി മാറുകയാണ്. അവൻ ഇതിനെച്ചൊല്ലി പ്രശ്നങ്ങളുണ്ടാക്കുമോ എന്ന പേടി. അവന്റെ ഓരോ കൊള്ളിവാക്കിലും വാസ്തവത്തിന്റെ നാളങ്ങളുണ്ടെന്ന് കവിക്കറിയാം. അവിടെയും കവിക്ക് യുക്തികളുണ്ട്. തരുണികളുടെ നവാനുരാഗങ്ങളും തരിവളകളും ഒരുപോലെയാണ്. ഒന്നു പൊട്ടിയാൽ മറ്റൊന്ന്. അവൾ തന്റെ മനസ്സല്ല സമ്പത്താണ് മോഹിക്കുന്നത്. ഭീരുവായ കവി അവളെ മറക്കുന്നു. മറ്റു പൂച്ചെടി ചെന്നുതിന്നാൻ മോഹിക്കുന്ന കൊറ്റനാട് ക്രൂരമായ സുഖഭോഗതൃഷ്ണയുടെ ബിംബമാകുന്നു.

തൊഴിലാളി തന്റെ മാന്യതയുടെ മുഖപടം ചീന്തിയെറിയുമോ എന്ന പേടി കവിക്ക് ഇരിക്കപ്പൊറുതിയില്ലാതാക്കുന്നു. തൊഴിലാളിയെ അയലത്തു നിന്നല്ല ഈ സമൂഹത്തിൽ നിന്നുതന്നെ മാറ്റേണ്ടത് കവിയുടെ ആവശ്യമാകുന്നു. അല്ലെങ്കിൽ അവൻ തന്റെ നിലയും വിലയും തകർക്കും. ലഹരിയുടെ സ്വാതന്ത്ര്യത്തിൽ എല്ലാം വിളിച്ചുപറയും. തൊഴിലാളിയുടെ പുര കത്തിയപ്പോൾ കവി ഗൂഢമായി ആനന്ദിച്ചത് തൊഴിലാളികളുടെ അകന്നുപോക്ക് യാഥാർഥ്യമാകുന്നതിന്റെ സൂചന കണ്ടു തുടങ്ങിയതുകൊണ്ടാണ്.

തന്നെ ചോദ്യം ചെയ്ത തൊഴിലാളിയെ ചോരയിലെ പൂർവ്വിക പാരമ്പര്യത്തിന്റെ ധീരതയിലാണ് കവി നേരിടുന്നത്. കവിയുടെ ഉള്ളിലെ ഫ്യൂഡൽ ബൂർഷ്വാ ജന്മിത്തം എല്ലാ ശക്തിയോടും കൂടി തൊഴിലാളിയുടെ നേരെ തിരിയുന്ന സന്ദർഭമാകുന്നു ഇത്.

വേല ചെയ്യുന്നവരും വേല ചെയ്യിപ്പിക്കുന്നവരും- ഈ തരംതിരിവ് കുടിയൊഴിക്കലി ൽ ഉണ്ട്. സമത്വസാക്ഷാൽക്കാര തടസ്സചിന്തകളും പ്രവൃത്തികളുമാണ് കവിയുടെ ഭാഗത്തുനിന്ന് ഉണ്ടാവുന്നത്. താൻ എണ്ണിക്കൊടുത്ത ഉദാരതയുടെ നോട്ടുകളുമായി തൊഴിലാളി എന്നേക്കുമായി കുടിയൊഴിയുമെന്ന് സമാധാനിച്ച കവിക്ക് വീണ്ടും അസഭ്യം കേൾക്കേണ്ടിവരുന്നു. അപൂർവ്വമായൊരു മുഹൂർത്തമാണ് വൈലോപ്പിള്ളി സൃഷ്ടിച്ചിട്ടുള്ളത്. തൊഴിലാളി എന്ന കഥാപത്രത്തിന്റെ പൂർണ്ണത ഈ പ്രവൃത്തിയിലാണ് കൈവരുന്നത്. ജന്മിയെ പരിഹസിക്കാൻ ഇതിനപ്പുറം നല്ല മാർഗ്ഗമില്ല. കവിയുടെ അനുഗ്രഹനാട്യങ്ങൾക്കെതിരെ തൊഴിലാളി ക്രൂരമായി പ്രതികരിക്കുന്നു. വൃത്തിവെൺകളിയിട്ട ഗേഹഭിത്തി മാത്രമല്ല കനിവിന്റെ കണ്ണുനീർകലരാത്ത കരളും കവിതയും വരെ അപ്പോൾ തരിച്ചുനിന്നു.

ചുറ്റുമുള്ള യാഥാർഥ്യത്തോട് പൊരുത്തപ്പെടാൻ കഴിയാത്ത കവി സ്വന്തം കാവ്യലോകത്തേക്ക് രക്ഷപ്പെടുന്നു. ജീവിതത്തിലെ ജന്മിത്തം കാവ്യജീവിതത്തിലും അനുഭവിക്കാനാണ് കവിയുടെ മോഹം. ജീവിതത്തിൽ നഷ്ടപ്പെട്ടു പോകുന്ന ജന്മിത്തം കവിതയിൽ തിരിച്ചുപിടിക്കാനുള്ള മോഹം

ഹേ, മഹാശയ ! - കീർത്തനം, പിന്നെ ക്ഷേമകൂജനം യാചനഹസ്തം - ഇതാണ് കാവ്യലോകത്തും കവി പ്രതീക്ഷിക്കുന്നത്. ഇങ്ങനെ അനുപമകാവ്യസങ്കൽപ്പങ്ങളിൽ അഭിരമിക്കുന്ന കവിയുടെ കാതുകളിലാണ് തൊഴിലാളിയുടെ അസഭ്യം വന്നുവീഴുന്നത്. അപ്പോഴും കവി വീണ്ടുവിചാരം ചെയ്യുകയല്ല തൊഴിലാളിയെ ക്രൂരമായി പുച്ഛിക്കുകയാണ്.

അന്ധമായിത്തെറി പുലമ്പുന്ന
നിന്റെ വായയിൽ
മണ്ണടയുമ്പോൾ
അന്തരീക്ഷത്തി, ലന്നുമുലാവും
എന്റെ നാവും ഞാനാവും കിനാവും!

ഇതാകുന്നു കവിയുടെ ജന്മിത്തം കുടിയൊഴിയാത്ത മനസ്സ്.

കുടിയൊഴിക്കലിലെ ആറാം ഖണ്ഡം ഫാന്റസിയാണ്. കവിയുടെ കാവ്യകല്പനയും ജീവിതയാഥാർഥ്യവും ചാലിച്ചുണ്ടാക്കിയ ഫാന്റസി. കവിയുടെ മനസ്സിലെ ഭയപ്പാടുകളുടെ വിശാല ചിത്രങ്ങളാണിത്. തന്നെ അധിക്ഷേപിക്കാൻ ധൈര്യപ്പെട്ട തൊഴിലാളിയോടുള്ള പേടി, താൻ ഉപേക്ഷിച്ച സ്ത്രീയോടുള്ള പേടി, പ്രകൃതിയോടുള്ള പേടി, തന്റെ പ്രതാപ ഐശ്വര്യങ്ങളുടെ നേരെ സംഘടിക്കുന്നവരോടുള്ള പേടി. ഇവിടെ മാനസഭാവങ്ങളുടെ ദ്വന്ദ്വാത്മകത വൈലോപ്പിള്ളി വശ്യമായി ചിത്രീകരിക്കുന്നു. ഉന്നത വർഗ്ഗങ്ങളാൽ പീഡിപ്പിക്കപ്പെട്ട അധ:സ്ഥിത വർഗ്ഗമൊന്നാകെ കവിയെ പ്രതിയാക്കികൊണ്ട് കവിക്കുനേരെ ആക്രോശിക്കുന്നു.

സ്നേഹകാരുണ്യ സന്ദേശ വിളംബര ഗാഥയാണ് ചീവീടുകളുടെ ഗാനം. സമത്വത്തിനായി സ്നേഹസുന്ദര പാതയിലൂടെ നടക്കാനുപദേശിച്ച ഗാന്ധിജിയുടെ ആദർശമാണ് കുടിയൊഴിക്കലിലെ കവിയുംകൂടിയായ ജന്മി സ്വീകരിച്ചത്. കലാപത്തിലൂടെ വിപ്ലവം സൃഷ്ടിച്ച അധ:സ്ഥിതരോട് ഇനിയും കലാപം കൂട്ടരുതേ എന്നാണ് കവിക്ക് പറയാനുള്ളത്. ഇതും കവിയുടെ ഭയപ്പാടിന്റെ സ്വരമാണ്. കവി എല്ലാറ്റിനും അതിരുകൾ വെക്കുന്നുണ്ട്. ആ അതിരുകൾക്കപ്പുറം കാര്യങ്ങൾ നീങ്ങുമ്പോഴാണ്

കവി സംഘർഷം അനുഭവിക്കുന്നത്.

വർഗ്ഗരഹിതസമുദായം സ്വപ്നം കാണുകയും അതിനെക്കുറിച്ച് പറയുകയും ചെയ്ത് സ്വന്തം വർഗപക്ഷത്ത് നിലയുറപ്പിക്കുന്ന ഇരട്ടത്താപ്പുനയമാണ് കവിയുടേത്. കവിയുടെ ഭാവനയുടെ വാതായനങ്ങളടയ്ക്കുന്നത് തൊഴിലാളിയുടെ തെറിയാണ്. കവിക്കിഷ്ടം മാളികയിൽ ഇരുന്ന് കവിതയെഴുതാനും സുഖമാസ്വദിക്കാനും വേല ചെയ്യിക്കാനുമാണ്. ഒരുവശത്ത് താനുൾപ്പടെയുള്ള വർഗത്തെ ഭാവനയിൽകണ്ട് മുക്തകണ്ഠം പാടുവാൻ ആഗ്രഹം. മറുവശത്ത് പേരിനൊരു സോഷ്യലിസ്റ്റ് സ്വപ്നവും. ഈയൊരു സിദ്ധാന്തമാണ് കാവ്യത്തിൽ കാണുന്നത്.

കുടിയൊഴിക്കലിലെ പ്രശ്നം കൃത്യമായി പറഞ്ഞുറപ്പിക്കാൻ വൈലോപ്പിള്ളിക്കു കഴിഞ്ഞിട്ടുണ്ടോ? തന്റെ കാവ്യനിലപാടിൽനിന്നുകൊണ്ട് ഈ പ്രശ്നത്തെ നേരിടാൻ അദ്ദേഹത്തിന് സാധിച്ചുവോ? വൈലോപ്പിള്ളിക്ക് ദഹിക്കുന്ന ഒരു പ്രമേയമല്ല കുടിയൊഴിക്കലിലേത് എന്നു തോന്നുന്നു. അതുകൊണ്ടാകാം വൈലോപ്പിള്ളിയുടെ അത്ഭുതകൃതിയായി കുടിയൊഴിക്കൽ എന്നും ചർച്ച ചെയ്യപ്പെടുന്നത്. ഈ കാവ്യം ഇടശ്ശേരിയെഴുതിയിരുന്നെങ്കിലോ. ഫോക്ക് അംശത്തിന്റെ പശ്ചാത്തലം ഇടശ്ശേരിക്കവിതകളിലുണ്ട്. ഇടശ്ശേരിയുടെ പണിപ്പുരയിൽ നിലപാടുള്ള കഥാപാത്രങ്ങളെയുള്ളു. കുടിയൊഴിക്കലിലെപോലെ നിലപാടില്ലാത്ത നായകനെ സൃഷ്ടിക്കാൻ ഇടശ്ശേരിക്കു കഴിയില്ല എന്നതാകുന്നു അതിനുള്ള ഉത്തരം.

വൈലോപ്പിള്ളി 'കുടിയൊഴിക്കൽ' എഴുതിയപ്പോൾ ഇടശ്ശേരി 'കുടിയിറക്ക'ലാണ് എഴുതിയത്. ജീവിതത്തിൽ ധാരാളം സംഘർഷം അനുഭവിച്ചയാളാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ സംഘർഷമനുഭവിക്കുന്നത്. ഇടശ്ശേരി ഗോവിന്ദൻ നായരുടെ കഥാപാത്രങ്ങൾ സംഘർഷമനുഭവിച്ചിട്ടുണ്ടോ? കാറ്റിൻ ചുഴലിയായി, കാട്ടുതീയായി, നരിയായി, പുലിയായി പേടിപ്പിച്ചോടിക്കാൻ നോക്കിയ പൂതത്തിനു മുന്നിൽ പേടിക്കാതെനിന്ന അമ്മ; മകന്റെ സ്വയം സമർപ്പണത്തിൽ ഊറ്റം കൊള്ളുന്ന അമ്മ. ഇങ്ങനെ ഇടശ്ശേരിയുടെ പാട്ടുകളിൽ കരുത്തരായ കഥാപാത്രങ്ങൾ ഉണ്ട്. പെണ്ണും പുലിയും എന്ന മനോഹര കാവ്യത്തിലെ 'കാട്ടിയുഷസ്സൊരു ചെഞ്ചോരക്കൈ' എന്നുള്ള അവസാനഭാഗം വൈലോപ്പിള്ളി മാറ്റിയെഴുതുകയുണ്ടായി എന്നു കേട്ടിട്ടുണ്ട്. ഈയൊരു മാറ്റിയെഴുത്ത് ഇടശ്ശേരിക്ക് അറിയില്ല. കാരണം കരുവാന്റെ ആലയോടാണ് സ്വന്തം പണിപ്പുരയെ അദ്ദേഹം സാദൃശ്യപ്പെടുത്തിയിട്ടുള്ളത്.